**പതിനാലാം കേരളനിയമസഭ**
**ഒമ്പതാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 145** | **23.01.2018-ൽ മറുപടിക്ക്** |
|---|---|

## ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.എം. ഷാജി | | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | ആഭ്യന്തര വകുപ്പിൽ വർദ്ധിച്ച രീതിയിൽ കണ്ടുവരുന്ന ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ)<br>&<br>(ബി) | ആഭ്യന്തര വകുപ്പിൽ ഇത്തരത്തിൽ ഔദ്യോഗിക വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്ന സംഗതി പ്രകടമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സാഹചര്യങ്ങൾ സംജാതമാകുന്ന വേളയിൽ സർക്കുലർ നം.41/2008/Fin, തീയതി 02/08/2008-ൽ നിർദ്ദേശിക്കും പ്രകാരം നടപടികൾ അനുവർത്തിക്കുവാൻ എല്ലാ ജില്ലാ/യൂണിറ്റ് മേധാവികൾക്കും കർശനം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മാത്രമല്ല നിയമാനുസൃതമല്ലാതെ ഡിപ്പാർട്ട്മെന്റ് വാഹനം സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ അച്ചടക്കനടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) | പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതിരിക്കാൻ പലപ്പോഴും ഇത്തരം വാഹനങ്ങൾ ബോർഡ് ഒഴിവാക്കി സ്വകാര്യ ആവശ്യങ്ങൾക്ക് വ്യാപകമായി ദുരുപയോഗം ചെയ്യുന്നത് തടയാൻ എന്തൊക്കെ നടപടികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ